# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2712

20.06.2013 ൽ മറുപടിയ്ക്ക്

### ഏറനാട് മണ്ഡലത്തിൽ വനിതാ എഞ്ചിനീയറിംഗ് കോളേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി.കെ.ബഷീർ** | | **ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് സർക്കാർ വനിതാ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ലാത്ത ജില്ലകളുടെ വിശദാംശം നൽകാമോ; | എ) | സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സർക്കാർ വനിതാ എഞ്ചിനീയറിംഗ് കോളേജുകളൊന്നും പ്രവർത്തിക്കുന്നില്ല. എൽ.ബി.എസ്സിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ഒരു വനിതാ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നുണ്ട്. |
| ബി) | വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ ഒരു വനിതാ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | ബി) | എൽ.ബി.എസ്-ന്റെ കീഴിൽ മലപ്പുറം ജില്ലയിൽ എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | ഏറനാട് നിയോജക മണ്ഡലത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വനിതാ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ